# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.01.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയെ ഒരു വികസിത രാജ്യമാക്കുക എന്ന ലക്ഷ്യത്തോട് പൂർണ്ണമായും യോജിക്കുന്നതാണ് ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi has said that the India-EU Free Trade Agreement is fully in line with the goal of making India into a developed country.**

2. 2026-27 സാമ്പത്തിക വർഷത്തിലേക്കുള്ള കേന്ദ്രബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ ഞായറാഴ്ച പാർലമെൻ്റിൽ അവതരിപ്പിക്കും.

   **Finance Minister Nirmala Sitharaman will present the Union Budget for the financial year 2026-27 in Parliament on Sunday.**

3. **INDIA-AI IMPACT** ഉച്ചകോടി അടുത്തമാസം 16 മുതൽ 20 വരെ ന്യൂഡൽഹിയിൽ നടക്കുമെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ്

   **Union Minister Ashwani Vaishnav said that the INDIA-AI IMPACT Summit will be held in New Delhi from 16 to 20 of next month**

4. വിദ്യാഭ്യാസ രംഗത്തെ പുരോഗതി മലയാളിയെ ലോകനിലവാരമുള്ള പ്രൊഫഷണലുകളാക്കി മാറ്റിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan said that the progress in the field of education has made Malayalis world-class professionals.**

5. **രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനത്തിൽ ആദരാഞ്ജലി അർപ്പിച്ച് രാജ്യം.**

   **The nation paid tributes to the Father of the Nation Mahatma Gandhi on his 78th martyrdom anniversary.**

6. **ഇന്ത്യ- ന്യൂസിലാൻഡ് ട്വന്റി-20 പരമ്പരയിലെ അഞ്ചാം മത്സരം നാളെ തിരുവനന്തപുരത്ത്. നഗരത്തിൽ സുരക്ഷ കർശനം. നാളെ ഉച്ച മുതൽ ഗതാഗത നിയന്ത്രണം.**

   **The fifth match of the India-New Zealand Twenty20 series will be played in Thiruvananthapuram tomorrow. Security has been tightened in the city. Traffic restrictions from tomorrow noon.**

**PM-GOYAL ARTICLE**

ഇന്ത്യയെ ഒരു വികസിത രാജ്യമാക്കുക എന്ന ലക്ഷ്യത്തോട് പൂർണ്ണമായും യോജിക്കുന്നതാണ് ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയലിന്റെ സാമൂഹ്യ മാധ്യമ പോസ്റ്റ് ഉദ്ധരിച്ച് കൊണ്ടാണ് പ്രധാനമന്ത്രി ഇക്കാര്യം പറഞ്ഞത്. വിപണികൾ വികസിപ്പിക്കുകയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്ന പരിവർത്തനാത്മകമായ കരാറാണ് ഇതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

## GOYAL-EU FTA (INTRO)

സ്വതന്ത്ര വ്യാപാര കരാർ പ്രാബല്യത്തിൽ വരുന്നതോടെ, യൂറോപ്യൻ യൂണിയനിലേക്കുള്ള കയറ്റുമതിക്ക് ഇന്ത്യ യാതൊരു നികുതിയും നൽകേണ്ടതില്ലെന്ന് കേന്ദ്രമന്ത്രി പീയൂഷ് ഗോയൽ. രാജ്യത്തിന് നിലവിൽ 50 ബില്യൺ യുഎസ് ഡോളറിൻറെ തുണിത്തരങ്ങൾ കയറ്റുമതി ചെയ്യാൻ കഴിയുമെന്നും ഇത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

*(ഹോൾഡ്)*

## FTA – GUTERRES

ലോകസമാധാനം നിലനിർത്താൻ ഭൂരിപക്ഷ രാജ്യങ്ങളുടെ അഭിപ്രായങ്ങളെ പിന്തുണയക്കേണ്ടത് അനിവാര്യമാണെന്ന് ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടെറസ്. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറുമായി ബന്ധപ്പെട്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. സമാധാനം നിലനിർത്താൻ കഴിയുന്ന സ്ഥിരതയുള്ള ലോകത്തിനായി പ്രയത്നിക്കാൻ രാജ്യങ്ങൾക്കിടയിൽ പരസ്പരധാരണ അനിവാര്യമാണെന്നും ഗുട്ടറെസ് അഭിപ്രായപ്പെട്ടു.

## CENTRAL BUDGET

2026-27 സാമ്പത്തിക വർഷത്തിലേക്കുള്ള കേന്ദ്രബജറ്റ് ധനമന്ത്രി നിർമല സീതാരാമൻ മറ്റന്നാൾ രാവിലെ 11 ന് പാർലമെൻറിൽ അവതരിപ്പിക്കും. ശ്രീമതി സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒൻപതാമത്തെ ബജറ്റാണിത്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഇന്നലെ പാർലമെൻറിൻറെ മേശപ്പുറത്ത് വച്ചു. പാർലമെൻ്റ് ബജറ്റ് സമ്മേളനത്തിന്റെ ആദ്യ ഘട്ടം അടുത്ത മാസം 13 വരെയും രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെ നടക്കും.

## AI SUMMIT (INTRO)

INDIA-AI IMPACT ഉച്ചകോടി അടുത്തമാസം 16 മുതൽ 20 വരെ ന്യൂഡൽഹിയിൽ നടക്കുമെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. നിർമിത ബുദ്ധിയുടെ ഉപയോഗം, പ്രായോഗികത തുടങ്ങിയവ സംബന്ധിച്ചുള്ള സമഗ്രമായ ഒരു ഉച്ചകോടിയാണിതെന്ന് അദ്ദേഹം പറഞ്ഞു.

(വോയിസ്)

ഏഴ് പ്രമേയങ്ങളിൽ ഉച്ചകോടി ശ്രദ്ധ കേന്ദ്രീകരിക്കും. നൂറിലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കും.

## MARTYRDOM DAY – MAHATMA GANDHI

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ 78-ാം രക്തസാക്ഷിത്വ ദിനത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് രാജ്യം. ഗാന്ധിജി അന്ത്യവിശ്രമം കൊള്ളുന്ന ന്യൂഡൽഹിയിലെ രാജ്ഘട്ടിൽ ഇന്ന് സർവമത പ്രാർത്ഥന നടന്നു. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കൾ രാജ്ഘട്ടിലെത്തി മഹാത്മാഗാന്ധിക്ക് ആദരം അർപ്പിച്ചു. രക്തസാക്ഷിത്വ ദിനത്തോടനുബന്ധിച്ച് രാജ്യമെമ്പാടും ഇന്ന് അനുസ്മരണ പരിപാടികളും ആദരസൂചകമായി രണ്ട് മിനിറ്റ് നേരത്തെ മൗനാചരണവും നടന്നു. മഹാത്മാഗാന്ധിയുടെ ചരമദിനത്തോട് അനുബന്ധിച്ച് എല്ലാ വർഷവും ജനുവരി 30 ദേശീയ ശുചിത്വ ദിനമായി ആചരിക്കുന്നുണ്ട്.

## SIR

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. കരടു വോട്ടർ പട്ടികയിലുള്ള അനർഹരുടെ പേരു നീക്കം ചെയ്യുന്നതിന് 17,348 അപേക്ഷകൾ നേരിട്ടും പേര് ഉൾപ്പെടുത്തുന്നതിന്

പ്രവാസികളിൽ നിന്നടക്കം 11 ലക്ഷത്തി 47,832 അപേക്ഷകളും ലഭിച്ചു. അന്തിമ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## WB ELECTION-DOCUMENT

എസ് ഐ ആറുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പശ്ചിമ ബംഗാളിൽ പുരോഗമിക്കുന്നു. ഹിയറിങ്ങിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ച രേഖകൾക്ക് പകരം മറ്റ് രേഖകൾ സമർപ്പിച്ച വോട്ടർമാരെ അന്തിമ പട്ടികയിൽ നിന്ന് ഒഴിവാക്കും. അത്തരം രേഖകൾ സ്വീകരിച്ച് ഓൺലൈനിൽ അപ്‌ലോഡ് ചെയ്ത തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ പ്രത്യേക പട്ടിക കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥർ ജോലിയിൽ വീഴ്ച വരുത്തിയതായോ നിയമലംഘനം നടന്നതായോ കണ്ടെത്തിയാൽ നിയമനടപടി സ്വീകരിക്കുമെന്നും കമ്മീഷൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## LOKA KERALA SABHA

വികസിത രാഷ്ട്രങ്ങളുടെ ജീവിത നിലവാരത്തിലേക്ക് കേരളത്തെ ഉയർത്തുക എന്നത് യാഥാർത്ഥ്യമാക്കാൻ കഴിയുന്ന ഒന്നാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നിയമസഭ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ അഞ്ചാമത് ലോക കേരളസഭ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസ രംഗത്തെ

പുരോഗതി മലയാളിയെ ലോകനിലവാരമുള്ള പ്രൊഫഷണലുകളാക്കി മാറ്റിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള സമൂഹത്തെയും സംസ്കാരത്തെയും സൃഷ്ടിക്കുന്നതിൽ കേരളത്തിന് പുറത്തുള്ളവർക്കും വലിയ പങ്കുണ്ടെന്നും പ്രതിനിധി സമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**MEA-ARAB FOREIGN MINISTERS (INTRO)**

രണ്ടാമത് ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ യോഗം നാളെ ന്യൂഡൽഹിയിൽ നടക്കും. ഇന്ത്യയും യുഎഇയും സംയുക്തമായി യോഗത്തിന് നേതൃത്വം നൽകും. അറബ് ലീഗ് അംഗരാജ്യങ്ങളുടെ വിദേശകാര്യ മന്ത്രിമാരും അറബ് ലീഗ് സെക്രട്ടറി ജനറലും യോഗത്തിൽ പങ്കെടുക്കും.

വിശദാംശങ്ങളിലേക്ക്........

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

**MEA-ARAB FOREIGN MINISTERS (VOICE))**

10 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ യോഗം നടക്കുന്നത്. 2016 ൽ ബഹ്റൈനിൽ വെച്ചാണ് ആദ്യയോഗം നടന്നത്. നിലവിലുള്ള സഹകരണവും പങ്കാളിത്തവും മെച്ചപ്പെടുത്തുക എന്നതാണ് ഈ യോഗത്തിന്റെ ലക്ഷ്യം.

ആദ്യ യോഗത്തിൽ, സമ്പദ്‌വ്യവസ്ഥ, ഊർജ്ജം, വിദ്യാഭ്യാസം, മാധ്യമം, സംസ്കാരം എന്നീ അഞ്ച് മേഖലകൾക്ക് പ്രാധാന്യം നൽകി പ്രവർത്തിക്കാൻ ധാരണയായിരുന്നു. ഖത്തർ, സൊമാലിയ, പലസ്തീൻ തുടങ്ങി വിവിധ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാർ യോഗത്തിൽ പങ്കെടുക്കും.

ന്യൂസ് ഡസ്ക് ആകാശവാണി.....

## JAISHANKAR – PALESTINE MINISTER

വിദേശകാര്യ മന്ത്രി എസ്. ജയ്‌ശങ്കർ ഇന്ന് പലസ്തീൻ വിദേശകാര്യമന്ത്രിയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യാ-പലസ്തീൻ വികസനം, പരസ്പര സഹകരണം എന്നിവ സംബന്ധിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തതായി ശ്രീ ജയ്‌ശങ്കർ സമൂഹമാധ്യമത്തിൽ കുറിച്ചു. ഗാസ സമാധാന പദ്ധതിയെക്കുറിച്ചും പ്രാദേശിക വികസനങ്ങളെക്കുറിച്ചും കൂടിക്കാഴ്ചയിൽ ചർച്ചയായതായും അദ്ദേഹം വ്യക്തമാക്കി.

## SWACHHATHA

സ്വച്ഛത പക്വാഡയുടെ ഭാഗമായി സി.ബി.സിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കുന്നുംപുറം ചിന്മയ

വിദ്യാലയത്തിൽ ബോധവൽകരണ പരിപാടി സംഘടിപ്പിച്ചു. സ്കൂൾ പരിസരത്ത് വൃക്ഷത്തൈയും നട്ടു. സ്കൂൾ പ്രിൻസിപ്പൽ ബീന എൻ. ആർ. ഉദ്ഘാടനം ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET PREPARATION

ഇന്ത്യ- ന്യൂസിലാൻഡ് ടി 20 പരമ്പരയിലെ അഞ്ചാം മത്സരം നാളെ തിരുവനന്തപുരത്ത് നടക്കും. വൈകുന്നേരം 7 മണിക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് പോരാട്ടം. മൽസരത്തിന്റെ പശ്ചാത്തലത്തിൽ നഗരത്തിൽ സുരക്ഷാ സന്നാഹങ്ങൾ ശക്തമാക്കി. സുരക്ഷ വിലയിരുത്താൻ ദക്ഷിണ മേഖലാ ഐജിയുടെ നേതൃത്വത്തിൽ സ്റ്റേഡിയത്തിൽ ഉന്നത തല യോഗവും ചേർന്നു. ഗ്രീൻ ഫീൽഡ് സ്റ്റേഡിയവും പരിസരവും ഇന്നും നാളേയും റെഡ് സോണായി പ്രഖ്യാപിച്ചു. നാളെ ഉച്ചയ്ക്ക് 02.00 മണി മുതൽ രാത്രി 12.00 മണി വരെ നഗരത്തിൽ ഗതാഗതക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഉച്ചയ്ക്ക് രണ്ടു മണിക്കു ശേഷം ടിക്കറ്റ് ഉള്ളവരെ മാത്രമേ കാര്യവട്ടത്ത് പ്രവേശിപ്പിക്കുകയുള്ളു.

❁❁❁❁❁❁❁❁❁❁❁❁❁

## PRAGATI SPECIAL STORY

¬കാര്യക്ഷമമായ ഭരണവും സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതും ലക്ഷ്യമിട്ട് പ്രധാനമന്ത്രിയുടെ

നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രഗതി സംരംഭം 50 യോഗങ്ങൾ വിജയകരമായി പൂർത്തിയാക്കി. ജൽശക്തി മന്ത്രാലയത്തിൻറെ വിവിധ പദ്ധതികളുടെ നിർവഹണത്തിൽ പ്രഗതി പ്ലാറ്റ്ഫോം വളരെയേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. കേന്ദ്ര ജലവിഭവ വകുപ്പിൻറെ രണ്ട് ലക്ഷത്തി 86,343 കോടി രൂപയുടെ 93 ഓളം പദ്ധതികളാണ് പ്രഗതി സംരംഭത്തിലൂടെ നിരീക്ഷിച്ചു വരുന്നത്.

## SRI MAHADEVA TEMPLE

ആലപ്പുഴ ജില്ലയിലെ ചുനക്കര തിരുവൈരൂർ ശ്രീ മഹാദേവർ ക്ഷേത്രത്തിലെ തിരുവുത്സവത്തിന് ഇന്ന് കൊടിയേറും . 10 ദിവസം നീണ്ടു നിൽക്കുന്ന ഉത്സവത്തിന് ഫെബ്രുവരി 8 ഞായറാഴ്ച്ച നടക്കുന്ന ആറാട്ടോടെ സമാപനമാകും .

## TABLEAUX AWARDS

2026 ലെ റിപ്പബ്ലിക് ദിന പരേഡിലെ മികച്ച മാർച്ചിംഗ് സംഘങ്ങൾക്കും നിശ്ചല ദൃശ്യങ്ങൾക്കുമുള്ള പുരസ്കാരങ്ങൾ പ്രതിരോധ സഹമന്ത്രി സഞ്ജയ് സേത്ത് ഇന്ന് ന്യൂഡൽഹിയിൽ സമ്മാനിച്ചു. നിശ്ചല ദൃശ്യ വിഭാഗത്തിൽ,ആത്മനിർഭരതയുടെ പ്രതീകമായ ഗണേശോത്സവം പ്രദർശിപ്പിച്ച മഹാരാഷ്ട്ര ഒന്നാം സമ്മാനം നേടി. ജമ്മു കശ്മീർ രണ്ടാംസ്ഥാനവും കേരളം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സേനകളിൽ മികച്ച മാർച്ചിംഗ്

സംഘത്തിനുള്ള പുരസ്കാരം ഇന്ത്യൻ നാവികസേനക്ക് ലഭിച്ചു. കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും നിശ്ചല ദൃശ്യ വിഭാഗത്തിൽ വന്ദേമാതരം പ്രദർശിപ്പിച്ച സാംസ്കാരിക മന്ത്രാലയം പുരസ്കാരം നേടി.

## JAISHANKAR – COMOROS

¬ആരോഗ്യം, കായികം, അടിസ്ഥാന സൗകര്യ വികസനം, ശേഷി വികസനം എന്നീ മേഖലകളിലെ സഹകരണത്തെക്കുറിച്ച് ഇന്ത്യയും കൊമോറോസും ഇന്ന് ചർച്ച നടത്തി. വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ന്യൂഡൽഹിയിൽ കൊമോറോസ് വിദേശകാര്യ മന്ത്രി എംബെ മുഹമ്മദുമായാണ് കൂടിക്കാഴ്ച നടത്തിയത്. ഇരുരാജ്യങ്ങളും തമ്മിൽ ചർച്ച തുടരാനും കൂടിക്കാഴ്ചയിൽ ധാരണയായി..